# റഷ്യയുടെ ഉപ പ്രധാനമന്ത്രി പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

ജൂണ് 19, 2014

റഷ്യന് ഉപ പ്രധാനമന്ത്രി ദ്മിത്രി റോഗോസിന് പ്രധാനമന്ത്രി നരേന്ദ്ര മോഡിയുമായി കൂടിക്കാഴ്ച നടത്തുകയും പ്രസിഡണ്ട് വാദിമിര് പുടിന്റെ അനുമോദനങ്ങള് അറിയിക്കുകയും ചെയ്തു . അതോടൊപ്പം ഇന്ത്യയും റഷ്യയും തമ്മിലുള്ള പ്രത്യേക, വിശേഷാധികാരമുള്ള തന്ത്രപ്രധാന പങ്കാളിത്തം കൂടുതല് ശക്തമായതും ആഴമുള്ളതുമാക്കുന്നതിനു നരേന്ദ്ര മോഡിയോടൊപ്പം പ്രവര്ത്തിക്കുവാനുള്ള പുടിന്റെ ആഗ്രഹവും ദ്മിത്രി റോഗോസിന് പ്രധാനമന്ത്രിയെ അറിയിച്ചു. ബുദ്ധിമുട്ടുള്ള ഘട്ടങ്ങളില് ഇന്ത്യയുടെ ഒപ്പം നിലകൊള്ളുകയും ഇന്ത്യയുടെ പ്രതിരോധ ശേഷി നിര്മിക്കുന്നതില് പ്രധാന പങ്കാളിയാകുകയും ചെയ്തതിലൂടെ ഇന്ത്യയില് ജനപ്രീതി ആര്ജിക്കുകയും ചെയ്ത റഷ്യ കാലം തെളിയിച്ച വിശ്വസ്തമായ ചങ്ങാതിയാണെന്ന് പ്രധാനമന്ത്രി റഷ്യയെ വിശേഷിപ്പിച്ചു. . ബന്ധങ്ങള് ഉന്നത നിലയിലേക്ക് കൊണ്ടുപോകുന്നതിനുള്ള തന്റെ ആഗ്രഹം പ്രധാനമന്ത്രി പ്രകടമാക്കി. ജൂണ് 14നു താന് ഐ എന് എസ് വിക്രമാദിത്യ സന്ദര്ശിച്ചത് പ്രധാനമന്ത്രി ഓര്ക്കുകയും ഇന്ത്യയുടെ നാവിക ശേഷിയിലെ പ്രധാന നാഴികക്കല്ലു യാഥാര്ത്ഥ്യം ആക്കുന്നതില് സംഭാവനകള് നല്കിയതിനു അദ്ദേഹം റഷ്യയോടുള്ള നന്ദി ഉപ പ്രധാനമന്ത്രി ദ്മിത്രി റോഗോസിനെ അറിയിച്ചു . ഉത്പാദകമായ , പ്രതിപാദകമായ , ശുഭാപ്തി വിശ്വാസമുള്ള ഉച്ചകോടി പ്രസിഡണ്ട് പുടിനുമായി നടത്തുവാന് അദ്ദേഹം പ്രതീക്ഷിക്കുന്നു .

ന്യൂ ഡെല്ഹി

ജൂണ് 19, 2014